പാരാമെഡിക്കൽ വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിന് നടപടികൾ

2 (*212) ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. ഹംസ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരാമെഡിക്കൽ വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഏതെല്ലാം പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ

(സി) പാരാമെഡിക്കൽ കൗൺസിലിന്റെ പ്രവർത്തനം വിശദമാക്കുമോ ;

(ഡി) സ്വകാര്യ മേഖലയിലെ പാരാമെഡിക്കൽ കോഴ്സുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സർക്കാർ മേഖലയിൽ പാരാമെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ,

(എ) പാരാമെഡിക്കൽ വിദ്യാഭ്യാസ രംഗം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ.ഉ. (എംഎസ്.) നമ്പർ 73/2002/ആ.കു.വ തീയതി 21-3-2002 പ്രകാരം ഒരു താത്ക്കാലിക പാരാമെഡിക്കൽ കൗൺസിൽ സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പാരാമെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള സർക്കാർ/സ്വാശ്രയ/സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പാരാമെഡിക്കൽ കൗൺസിൽ/സർക്കാർ അംഗീകരിച്ച് പാരാമെഡിക്കൽ (ഡിപ്ലോമ/ഡിഗ്രി/പി.ജി. ഡിപ്ലോമ/പോസ്റ്റ് ഗ്രാജുവേറ്റ്) കോഴ്സുകൾ ആരംഭിക്കുന്നതിന് കൗൺസിൽ ശുപാർശയോടെ സർക്കാർ അംഗീകാരം നൽകിവരുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടർ നടത്തിവരുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്, ആരോഗ്യ-വിദ്യാഭ്യാസ ഡയറക്ടർ നടത്തിവരുന്ന 13 ഡിപ്ലോമ കോഴ്സുകൾ, യൂണിവേഴ്സിറ്റി അംഗീകാരത്തോടുകൂടി നടത്തിവരുന്ന ഡിഗ്രി കോഴ്സുകൾ (ബി. എസ്.സി.(എം.എൽ.റ്റി), ബി. എസ്.സി. ഒപ്റ്റോമെട്രി, എം.എസ്.സി. (എം.എൽ.റ്റി) എന്നിവയ്ക്ക് എൽ.ബി.എസ്. ഡയറക്ടർ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നുമാണ് അഡ്മിഷൻ നൽകുന്നത്. (www.ibscentre.org).

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ അംഗീകൃത സ്ഥാപനത്തിൽനിന്നും പാരാമെഡിക്കൽ കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾക്ക് പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കണം. മറ്റ് സംസ്ഥാന വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ അനുവദിച്ചിട്ടില്ല.

സ്വതന്ത്രമായ ഒരു പാരാമെഡിക്കൽ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണത്തിന്റെ ഭാഗമായി പാരാമെഡിക്കൽ കൗൺസിൽ ബിൽ-2010 പ്രസിദ്ധീകരിക്കുവാൻ മന്ത്രിസഭ അംഗീകാരം നൽകിയതിനെത്തുടർന്ന് നിയമവകുപ്പ് മുഖേന നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

പാരാമെഡിക്കൽ കൗൺസിൽ നിഷ്ക്കർഷിച്ചിട്ടുള്ള മിനിമം സ്റ്റാൻഡേർഡ്, സ്വാശ്രയ മേഖലയിൽ കോഴ്സ് ആരംഭിക്കുവാൻ അപേക്ഷിക്കേണ്ട വിധം, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിക്കേണ്ട വിധം, അംഗീകൃത പാരാമെഡിക്കൽ കോഴ്സുകളുടെയും അവ നടത്തുന്ന സ്ഥാപനങ്ങളുടെയും വിവരം എന്നിവ www.keralaparamedicalcouncil.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സർക്കാർ മേഖലയിൽ താഴെപ്പറയുന്ന പുതിയ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട് :

1. ഡിപ്ലോമ ഇൻ എൻഡോസ്കോപ്പി ടെക്നോളജി (DET) കോഴ്സ് (തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ)
2. ഡിപ്ലോമ ഇൻ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റൻസ് (DORA) കോഴ്സ് (തിരുവനന്തപുരം, കോഴിക്കോട് ഡെന്റൽ കോളേജുകളിൽ തുടങ്ങാൻ ഡെന്റൽ കൗൺസിലിന്റെ അംഗീകാരമായി)
3. ഡിപ്ലോമ ഇൻ ഓപ്പറേഷൻ തീയേറ്റർ ടെക്നോളജി (DOTT) കോഴ്സ് എല്ലാ മെഡിക്കൽ കോളേജുകളിലും തുടങ്ങി. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഡിപ്ലോമ ഇൻ ന്യൂറോ ടെക്നോളജി (DNT) കോഴ്സും 2010-11-ൽ ആരംഭിച്ചു.
4. ബി.എസ്.സി. ഒപ്റ്റോമെട്രി കോഴ്സ് (തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ)
5. ബാച്ചിലർ ഡിഗ്രി ഇൻ കാർഡിയോ വാസ്കുലർ ടെക്നോളജി (BCVT) കോഴ്സ്. (2011-12 അദ്ധ്യയന വർഷംമുതൽ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്)
6. എം.എസ്.സി (എം.എൽ.റ്റി) കോഴ്സ് (തിരുവനന്തപുരം മെഡിക്കൽ കോളേജിൽ)

LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ മേഖലയിൽ ഡിപ്ലോമ ഇൻ ദന്തൽ മെക്കാനിക് കോഴ്സ്, ബി.എസ്.സി. ഒപ്റ്റോമെട്രി കോഴ്സ് എന്നിവ ആരംഭിക്കുവാൻ അനുമതി നൽകി. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ICCONS) എന്നീ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലും സ്വാശ്രയ മേഖലയിലും നടത്തിവരുന്ന ബി.എ.എസ്.എൽ.പി/എം.എ.എസ്.എൽ.പി. കോഴ്സുകൾ സർക്കാരിന്റെ/ കൗൺസിലിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പാരാമെഡിക്കൽ വിദ്യാഭ്യാസ രംഗം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ.ഉ. (എംഎസ്.) നമ്പർ 73/2002/ ആ.കു.വ തീയതി 21-3-2002 പ്രകാരം ഒരു താത്ക്കാലിക പാരാമെഡിക്കൽ കൗൺസിൽ സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇപ്പോഴത്തെ കൗൺസിലിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

ആരോഗ്യ വകുപ്പുസെക്രട്ടറി	-	ചെയർമാൻ
ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി	-	സെക്രട്ടറി
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ	-	മെമ്പർ
ആരോഗ്യ വകുപ്പ് ഡയറക്ടർ	-	മെമ്പർ
പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം	-	മെമ്പർ

ആവശ്യമെന്നാൽ പാരാമെഡിൽ വിദ്യാഭ്യാസ രംഗത്തെ വിദഗ്ദ്ധരുടെ സഹായവും തേടാറുണ്ട്. പാരാമെഡിക്കൽ കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയണ് :

1. പാരാമെഡിക്കൽ കോഴ്സുകളുടെ നടത്തിപ്പിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുക.
2. സർക്കാർ/സ്വാശ്രയ മേഖലകളിൽ പാരാമെഡിക്കൽ (ഡിപ്ലോമ/ ഡിഗ്രി/പി.ജി) കോഴ്സുകൾ ആരംഭിക്കുന്നതിന് ശുപാർശ നൽകുക.
3. സർക്കാർ/സ്വാശ്രയ/സഹകരണ മേഖലയിൽ കോഴ്സുകളുടെ നടത്തിപ്പിൽ ഏകീകൃത നിലവാരമുണ്ടെന്ന് ഉറപ്പുവരുത്തുക, ഫീസ് ശുപാർശ ചെയ്യുക.
4. പാരാമെഡിക്കൽ കൗൺസിലിന്റെ/ സർക്കാരിന്റെ അംഗീകാരമുള്ള പാരാമെഡിക്കൽ കോഴ്സ് പാസ്സായവർക്ക് കൗൺസിൽ രജിസ്ട്രേഷൻ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാരാമെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർ/ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ നിയോഗിക്കുന്ന ഇൻസ്പെക്ഷൻ ടീം പരിശോധന നടത്തി ഉണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് സ്വാശ്രയ മേഖലയിൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിന് അംഗീകാരം നൽകിവരുന്നത്.

(ഇ) സർക്കാർ മേഖലയിൽ നിലവിലുള്ള പാരാമെഡിക്കൽ കോഴ്സുകൾ കൂടാതെ പുതിയ കോഴ്സുകൾ ആരംഭിക്കുകയും അതാത് മെഡിക്കൽ കോളേജുകളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾക്ക് ആനുപാതികമായി നിലവിലുള്ള കോഴ്സുകളുടെ സീറ്റ് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കണ്ണൂരിൽ പയ്യന്നൂരിലും പാലക്കാട് കുഴൽമന്ദത്തും പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ആലപ്പുഴ മെഡിക്കൽ കോളേജിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ശ്രീ. എ. സി. മൊയ്തീൻ : സർ, കേരളത്തിൽ സർക്കാർ മേഖലയിലും സഹകരണ മേഖലയിലും അതുപോലെ സ്വാശ്രയമേഖലയിലുമെല്ലാം ധാരാളം പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കാൻ നമുക്കായിട്ടുണ്ട്. പക്ഷേ ഇപ്പോഴും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ചില വ്യാജ സ്ഥാപനങ്ങൾ തൊഴിൽ ലഭ്യതയ്ക്ക് ധാരാളം അവസരമുണ്ടെന്നതിന്റെ പേരിൽ പരസ്യം നൽകി വിദ്യാർത്ഥികളെ ആകർഷിക്കുന്നുണ്ട്. യാതൊരു അർഹതയും യോഗ്യതയുമില്ലാത്ത ഇത്തരം സ്ഥാപനങ്ങളിൽനിന്ന് വിദ്യാർത്ഥികൾ പഠിച്ചിറങ്ങിയതിനുശേഷമാണ് അത് വ്യാജ സർട്ടിഫിക്കറ്റ് ആണെന്ന് അറിയുന്നത്. ആ വിധത്തിലുള്ള തട്ടിപ്പുകൾ ഇപ്പോഴും നടക്കുകയാണ്. ഇതിനെ തടയാൻ എന്താണ് സർക്കാരിന് ചെയ്യാൻ കഴിയുന്നത്; എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? അതുപോലെ അന്യസംസ്ഥാനങ്ങളിൽ നിന്ന് അംഗീകാരമുള്ള കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് പഠിച്ചിറങ്ങുന്നവർക്കുള്ള അംഗീകാരം കൊടുക്കുന്നതിന് കുറെയേറെ നോംസ് പാലിക്കേണ്ടതുണ്ട്. അങ്ങനെയല്ലാതെ അതിന്റെ ക്വാളിറ്റി ഉറപ്പുവരുത്താൻ സാധിക്കില്ല. അതേസമയത്ത് നമ്മുടെ സംസ്ഥാനത്ത് ധാരാളം കുട്ടികൾക്ക് സർക്കാർ മേഖലയിലും ഒപ്പം ഗവൺമെന്റുമായി എഗ്രിമെന്റ് വച്ച സ്വാശ്രയ സ്ഥാപനങ്ങളിലും മിനിമം ഫീസിന് പഠിക്കാനുള്ള ഒരു സാധ്യത തെളിഞ്ഞു വന്നിട്ടുണ്ട്.

ശ്രീ. എ. സി. മൊയ്തീൻ : സർ, മെഡിക്കൽ കോളേജുകളിലും പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ തീയേറ്റർ ടെക്നോളജി എന്ന പുതിയ കോഴ്സ് അനുവദിച്ചിട്ടുണ്ട്. നാല് പുതിയ മേഖലയിൽ അവിടെ കോഴ്സുകൾ ഉണ്ട്. 110-ഓളം വിദ്യാർത്ഥികളുണ്ട്. ഇവിടെ ട്യൂട്ടർ ടെക്നീഷ്യൻ എന്ന പോസ്റ്റില്ല. ഇവിടെ-ട്യൂട്ടർ ടെക്നീഷ്യൻമാരെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, കോഴ്സുകൾ എല്ലാം നടത്തേണ്ടത് തന്നെയാണ്. പക്ഷേ കാൽ നൂറ്റാണ്ടിനുശേഷമാണ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇത്തരത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത്. ട്യൂട്ടർ ടെക്നീഷ്യൻ കോഴ്സും ആവശ്യമാണ്. അത് സംബന്ധിച്ച് പരിശോധിക്കാം.

മി. സ്പീക്കർ : ട്യൂട്ടർ ടെക്നീഷ്യനെ വേണമെന്നല്ലേ പറഞ്ഞത് ?

ശ്രീ. എ. സി. മൊയ്തീൻ : സർ, പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ചാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, പോസ്റ്റ് ക്രിയേഷനെ സംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. പി. ടി. എ. റഹീം : സർ, ഗവൺമെന്റിന്റെ യാതൊരു അംഗീകാരവുമില്ലാത്ത സ്ഥാപനങ്ങളിൽ ഒപ്റ്റോമെട്രി ഡിഗ്രി/ഡിപ്ലോമ തുടങ്ങിയ കോഴ്സുകൾ നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്ത് നടപടിയാണ് ഇത്തരം വ്യാജ സ്ഥാപനങ്ങളുടെ പേരിൽ സർക്കാർ എടുക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഇത്തരം കോഴ്സുകൾ നടത്തുന്നതിന് അപേക്ഷ കിട്ടുന്ന സന്ദർഭത്തിൽ ഇതിന്റെ ചാർജ്ജുള്ള മെഡിക്കൽ എഡ്യൂക്കേഷനിലെ ഡോക്ടർമാരും ബന്ധപ്പെട്ടവരും പോയി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് അനുമതി കൊടുക്കുന്നത്. ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ പരാതി അങ്ങനെ എനിക്ക് കിട്ടിയിട്ടില്ല. കിട്ടിയാൽ അത് പരിശോധിച്ച് നടപടിയെടുക്കാം.

ശ്രീ. എം. ഹംസ : സർ, പാരാമെഡിക്കൽ വിദ്യാഭ്യാസത്തിന്റെ അനന്ത സാധ്യതകളെക്കുറിച്ച് ഡോ. അബ്ദുൾ കലാം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അതിന്റെ പാതയിലൂടെ അങ്ങ് വളരെയധികം മുന്നോട്ട് പോവുകയും പാരാമെഡിക്കൽ രംഗത്ത് വലിയ ഗുണമുണ്ടാക്കുകയും ചെയ്ത അങ്ങേക്ക് നന്ദി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കട്ടെ. മറ്റൊന്ന്, ഗവൺമെന്റിന്റെ സ്വാശ്രയ പാരാമെഡിക്കൽ സ്ഥാപനങ്ങളിലും സ്വാശ്രയ മെഡിക്കൽ കോളേജുകളിലും സ്വകാര്യ ആശുപത്രികളിലുമെല്ലാം പ്രവർത്തിക്കുന്ന ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും വിദ്യാഭ്യാസ യോഗ്യതയുള്ളവരാണോ എന്ന് പരിശോധിക്കാനുള്ള വല്ല സംവിധാനവും ഇന്ന് കേരളത്തിലുണ്ടോ ; ഇല്ലെങ്കിൽ അത്തരമൊരു സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, താത്ക്കാലിക സംവിധാനമുണ്ടെന്ന് ഞാൻ ഉത്തരത്തിൽ പറഞ്ഞു. ഇനിയത് ഒരു നിയമമായി വരുന്നതോടെ അതിന് സംവിധാനമാകും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, പാരാമെഡിക്കൽ വിദ്യാഭ്യാസത്തിന് സർക്കാർ മേഖലയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്ഥാപനം ആവശ്യമാണ്. നമ്മൾ നടത്തിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട ഒന്നിനെ ഇത്തരം ഇന്റർനാഷണൽ ലെവലിൽ ഉയർത്താൻ കഴിയുന്ന ഒരു സംവിധാനം സർക്കാരിന് സ്വീകരിക്കാൻ കഴിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, തീർച്ചയായും. നമ്മുടെ പി.എം.എസ്.എസ്.വൈ-യുടെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇപ്പോൾ കിട്ടിയിട്ടുള്ള പാരാമെഡിക്കൽ ബ്ലോക്കിൽ എം.എസ്.സി (എം.എൽ.റ്റി) തുടങ്ങിയത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ്. കേരളത്തിന് പുറത്തും ഇൻഡ്യയ്ക്ക് പുറത്തും ഏറെ തൊഴിൽ സാധ്യതയുള്ള വളരെയേറെ ആവശ്യമുള്ള ഒരു പി.ജി. കോഴ്സാണ് അത്. അതുപോലെ തന്നെ ഇന്റർനാഷണൽ ലെവലിൽത്തന്നെ കോഴ്സുകൾക്ക് അംഗീകാരം നേടാൻ സാധിക്കും. അതിനുവേണ്ട ഫാക്കൽറ്റീസ് നമുക്കുണ്ട്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, പാരാമെഡിക്കൽ കോഴ്സുകൾക്ക് അംഗീകാരം കൊടുത്തെങ്കിൽപ്പോലും ഇത്ര ബെഡ് സ്ട്രെങ്ത് ഉണ്ടെങ്കിൽ മാത്രമേ ആ കോഴ്സ് അനുവദിക്കുകയുള്ളു എന്ന് വ്യവസ്ഥയുണ്ട്. പല സ്വകാര്യ പാരാമെഡിക്കൽ കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളും തുടങ്ങുമ്പോൾ ഇത്ര ബെഡ് സ്ട്രെങ്ത് എന്നു കാണിച്ചിരുന്നുവെങ്കിൽപ്പോലും ഇപ്പോൾ അതൊന്നുമില്ല. പല സ്ഥലങ്ങളിലും ക്വാളിഫൈഡ് ആയ അദ്ധ്യാപകരുമില്ല. വേണ്ടത്ര പരിശോധനയോ മറ്റു കാര്യങ്ങളോ ഇല്ലാതെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കാൻ കഴിയാത്ത ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും നല്ല ക്വാളിറ്റി എഡ്യൂക്കേഷൻ കൊടുക്കുന്നതിനും എന്ത് നടപടിയാണ് കൈക്കൊള്ളുന്നത് ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, അത് വളരെ ആവശ്യമാണ്. 2003 മുതൽ തന്നെ കോഴ്സുകൾ കൊടുത്തു തുടങ്ങിയിട്ടുണ്ട്. പക്ഷേ അന്നുണ്ടായിരുന്ന ബെഡ് സ്ട്രെങ്ത് ഇപ്പോൾ ഉണ്ടാകണമെന്നില്ല. അത് പരിശോധിക്കാനും ഫാക്കൽറ്റീസ് ഉണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് തരാനും പാരാമെഡിക്കൽ നിയമം വന്നുകഴിഞ്ഞാൽ ഉത്തരവാദപ്പെട്ടവർക്ക് അതിൽ വളരെയേറെ റെസ്പോൺസിബിലിറ്റി ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. വി. ശശികുമാർ : സർ, പാരാമെഡിക്കൽ കോഴ്സുകൾ കഴിഞ്ഞ് വളരെയേറെ ടെക്നീഷ്യൻസ് പുറത്തിറങ്ങുകയാണ്. ഇവർക്ക് ജോലി ലഭിക്കാൻ പാകത്തിൽ ഡോക്ടർമാരുടെയൊക്കെ എണ്ണം വർദ്ധിപ്പിച്ചതനുസരിച്ച് സർക്കാർ ആശുപത്രികളിൽ തസ്തികകൾ വർദ്ധിപ്പിക്കുമോ; അതുപോലെ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ പൂർണ്ണമായും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ; താലൂക്ക് ആശുപത്രികളിലൊക്കെ റേഡിയോ ഗ്രാഫറുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. അത് നികത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, വടക്കൻ ജില്ലകളിൽ പലയിടത്തും റേഡിയോ ഗ്രാഫർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് പി.എസ്.സി ലിസ്റ്റില്ലാത്തതുകൊണ്ടല്ല, ചിലയിടങ്ങളിൽ പോസ്റ്റ്ചെയ്താൽ പോകാൻ ആളുകൾ തയ്യാറല്ല. അവിടെ പോസ്റ്റ് ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ : സർ, ജീവിത ശൈലിയുടെ പ്രത്യേകതമൂലം രോഗങ്ങൾ വ്യാപകമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വിവിധ

ടെസ്റ്റുകൾ നടത്തുന്നതിനായി ജനങ്ങളിൽ ഭൂരിഭാഗവും പാരാമെഡിക്കൽ സ്ഥാപനങ്ങളെ ആശ്രയിക്കുകയാണ്. പക്ഷേ അവിടെ ഒരു സ്ഥലത്തുനിന്ന് ടെസ്റ്റ് ചെയ്ത് കിട്ടുന്ന റിസൽട്ടായിരിക്കില്ല മറ്റൊരു സ്ഥലത്ത് അതേ ടെസ്റ്റ് ചെയ്താൽ കിട്ടുന്നത്. വ്യത്യസ്തമായ റിസൽട്ടുകളാണ് ലഭിക്കുന്നത്. അതു പോലെ ഇതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ, സങ്കേതങ്ങളുടെ, സംവിധാനങ്ങളുടെ എല്ലാം ഒരു ആക്കുറസി ഇല്ലായ്മ വ്യാപകമായുണ്ട്. അതുകൊണ്ട് ഗവൺമെന്റ് മേഖലയിലും പ്രൈവറ്റ് മേഖലയിലുമുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ഇക്കാര്യത്തിൽ ഒരു ഗുണപരമായ മാറ്റം, പെർഫെക്ഷൻ ഉറപ്പുവരുത്തുന്നതിന് കർശനനടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, അതിന്റെ ഭാഗമായിട്ടാണ് കേരളത്തിലെ സർക്കാർ മേഖലയിലുള്ള ലാബുകൾ, NABL എന്നിവയ്ക്ക് അക്രെഡിറ്റേഷൻ കിട്ടുന്നതിനുള്ള നടപടികളായതിനെത്തുടർന്ന് കുറേ ലാബുകൾക്ക് അക്രെഡിറ്റേഷൻ കിട്ടിയിട്ടുണ്ട്. ക്വാളിറ്റിയും അതുപോലെ ആക്കുറസിയും ഉണ്ടാക്കുക വളരെ പ്രധാനം തന്നെയാണ്. അതിന് നടപടി തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

ഹിൽഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾ

3 (*213) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഹിൽഹൈവേയുടെ നിർമ്മാണത്തിനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദീകരിക്കുമോ ;

(ബി) ഇതിനായി ഭൂമി ഏറ്റെടുക്കുകയും അലൈൻമെന്റ് നിശ്ചയിക്കുകയും ചെയ്ത എത്ര ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട് ; ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്ത് തുകയാണ് ആകെ വേണ്ടിവരുന്നത് ;

(ഡി) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും ഇതിനായി എന്ത് തുക ചെലവഴിച്ചു ;

(ഇ) ഈ വർഷം ഏതൊക്കെ പുതിയ ഘട്ടങ്ങൾക്ക് നിർമ്മാണാനുമതി നൽകുമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇതിനായി ഈ വർഷം എന്തുതുക ചെലവഴിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

LIBRARY ARCHIVES Kerala Legislative Assembly